"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അഷ്റഫ്.ബി.കെ., ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.938/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 22.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2623/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.അഷ്റഫ്.ബി.കെ. ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) സമർപ്പിച്ച 17.06.2023 തീയതിയായ അപ്പീൽ (Annexure A7)
3. OA(EKM) No.938/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 22.06.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റ ഉത്തരവിൽ കരട് പട്ടികയിൽ നിന്നും വ്യത്യസ്ഥമായി അഞ്ചാമതായി തെരഞ്ഞെടുത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഇ.എൻ.ടി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അഷ്റഫ്.ബി.കെ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.938/2023 ഫയൽ ചെയ്യുകയും ഉണ്ടായി. പരാമർശം (3) ഉത്തരവ് പ്രകാരം അപേക്ഷകനെയും 3-ാം എതിർ

749.761

GOVERNMENT OF KERALA 2017-18

കക്ഷിയെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകനെയും എതിർകക്ഷിയെയും നേരിൽ കേൾക്കുകയും അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) കോഴിക്കോട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തു വരവേ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചതായും, ഒന്നാമതായി തെരഞ്ഞെടുത്ത സ്ഥാപനമായ കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് കരട് പട്ടികയിൽ സ്ഥലംമാറ്റം ലഭിച്ചിരുന്നുവെങ്കിലും അന്തിമ ഉത്തരവിൽ അഞ്ചാമതായി തെരഞ്ഞെടുത്ത സ്ഥാപനമായ നാദാപുരം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയായിരുന്നുവെന്നും, കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സ്ഥലംമാറ്റം നൽകണമെന്നും Annexure A7 അപ്പീൽ അപേക്ഷയിൽ ഡോ.അഷ്റഫ് അപേക്ഷിച്ചിരുന്നു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയും, അപേക്ഷകന്റെ ഒന്നാം ഓപ്റ്റഡ് സ്റ്റേഷനായ കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സ്ഥലംമാറ്റം നൽകിയിരുന്ന ഡോ.സിന്ധു തെരേസ മാമ്മച്ചനെക്കാൾ ടി സ്ഥാപനത്തിൽ നിയമിക്കുവാൻ സ്റ്റേഷൻ സീനിയോരിറ്റി കൂടുതൽ ഉള്ളത് അപേക്ഷകനാണെന്ന് കമ്മിറ്റി കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ടിയാനെ കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കും പ്രസ്തുത സ്ഥാപനത്തിലെ ഡോ.സിന്ധു തെരേസ മാമ്മച്ചനെ കോഴിക്കോട് നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കും

സ്ഥലംമാറ്റുന്നതിനും കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് പരാമർശം (1) നടപടിക്രമം പ്രകാരം നാദാപുരം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഇ.എൻ.ടി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അഷ്റഫ്.ബി.കെ-യെ കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് മാറ്റി നിയമനം നൽകുന്നതിനും, ടി സ്ഥാപനത്തിലെ അതേ തസ്തികയിലെ ഡോ.സിന്ധു തെരേസ മാമ്മച്ചനെ കോഴിക്കോട് നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.938/2023-ന്മേലുള്ള 22.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്

**Dr.Asaraf.B.K., Junior Consultant (ENT), Safa, Pavandoor.P.O., Nanmanda via , Kozhikode- 673 613.**

**Dr.Sindhu Theresa Mamachan, Junior Consultant (ENT), THQH, Koyilandi, Kozhikode.**

**Dr.Shabeer Ali.M., Junior Consultant (ENT), General Hospital, Kozhikode.**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

മേലെഴുത്ത് നം. ഇ.ഐ-5160/2023/ആ.വ.ഡ
തീയതി 12.10.2023

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 14-10-2023 14:18:30

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയറക്ടറിന് വേണ്ടി.

491760